കായംകുളം മണ്ഡലത്തിലെ ചേരാവള്ളി കുളം പുനരുദ്ധാരണം

135 (2415) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിലെ കായംകുളം നഗരസഭാ വാർഡ് 27 -ൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച ചേരാവള്ളി കുളം പാതി വഴിയിൽ കരാറുകാരൻ ഉപേക്ഷിച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ഇത് എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള കായംകുളം നിയോജക മണ്ഡലത്തിലെ ചേരാവള്ളി കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും അതിൽനിന്നും കൺവീനറെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ടി കൺവീനർ 9-2-2015-ന് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ കുട്ടനാട് പാക്കേജിൽ 2014-15 വർഷത്തെ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇനിയൊരറിയിപ്പ് ലഭിക്കുന്നതുവരെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കൺവീനറോട് ആവശ്യപ്പെട്ടിരുന്നു.

(ബി) കുട്ടനാട് പാക്കേജിൽ ലഭിക്കാനുള്ള തുകയ്ക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ 9-2-2016-ൽ കൺവീനറുമായി ഉപകരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന് അംഗീകാരം നൽകിയിട്ടുള്ളതും 2016 മാർച്ച് 31-നകം പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതുമാണ്.

ക്രോസ്ബാർ കം ബ്രിഡ്ജ്

136 (2416) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ കം ബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) തയ്യാറാക്കിയെങ്കിൽ തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly